**<u>ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിലെ അഡിഷണൽ ഡയറക്ടറുടെ</u>**

**<u>(എ&റ്റി) നടപടിക്രമം</u>**

വിഷയം:- ആരോഗ്യവകുപ്പ് – 31.12.2022 - ൽ ഫാർമസിസ്റ്റ് ഗ്രേഡ് 1 തസ്തികയിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാരുടെ സീനിയോറിറ്റി പട്ടികയിൽ റാങ്ക് നം. 718 ആയി ഉൾപ്പെട്ട ശ്രീ. കണ്ണൻ എസ് - ന്റെ ജനനത്തീയതി തിരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. ഉത്തരവ് നം. ഇ.എസ്3-9689/2023/ആവഡ, തീയതി 19.02.2025
2. നം. DMOH-TVM/2797/2025-A7, തീയതി 06.07.2025 & 13.07.2026
3. Order No. K.Dis/EX./BA3/46895/2013/CGE, Dated 02.01.2014
4. സ.ഉ (സാധാ) നം. 2295/2023/H&FWD, തീയതി 11.09.2023

**<u>ഉത്തരവ് നം. ഇ.എൽ4/29194/2025/ DHS, തീയതി 25-07-2026</u>**

ആരോഗ്യ വകുപ്പിൽ 31.12.2022 - ൽ ഫാർമസിസ്റ്റ് ഗ്രേഡ് 1 തസ്തികയിൽ ജോലി ചെയ്ത് വരുന്ന ജീവനക്കാരുടെ സീനിയോറിറ്റി പട്ടിക പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത സീനിയോറിറ്റി പട്ടികയിൽ റാങ്ക് നം. 718 ആയി ഉൾപ്പെട്ട ശ്രീ. കണ്ണൻ എസ് - ന്റെ (പെൻ - 379160) ജനനത്തീയതി 20.05.1984 എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പരാമർശം (3) ലെ പൊതുവിദ്യാഭ്യാസ വകുപ്പിലെ പരീക്ഷാ കമ്മിഷണറുടെ ഉത്തരവ് പ്രകാരം ശ്രീ. കണ്ണൻ എസ് - ന്റെ ജനനത്തീയതി എസ്.എസ്.എൽ.സി സർട്ടിഫിക്കറ്റിൽ 20.05.1984 എന്നത് 05.06.1985 എന്നാക്കി തിരുത്തുന്നതിനുള്ള അനുമതി നൽകി ഉത്തരവായിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം ടിയാളുടെ ജനനത്തീയതി സേവനപുസ്തകത്തിൽ 05.06.1985 എന്ന് തിരുത്തുന്നതിനുള്ള അനുമതി നൽകിയും ഉത്തരവായിരുന്നു. പ്രസ്തുത സാഹചര്യത്തിൽ പരാമർശം (2) പ്രകാരം തിരുവനന്തപുരം ജില്ലാ മെഡിക്കൽ ഓഫീസിൽ നിന്നും ലഭിച്ച അപേക്ഷ പരിഗണിച്ച് ശ്രീ. കണ്ണൻ എസ് - ന്റെ ജനനത്തീയതി പരാമർശം (1) പ്രകാരമുള്ള

ഫാർമസിസ്റ്റ് ഗ്രേഡ് 1 സീനിയോറിറ്റി പട്ടികയിൽ **20.05.1984** എന്നതിൽ നിന്നും **05.06.1985** എന്നാക്കി തിരുത്തി നൽകികൊണ്ട് ഉത്തരവാകുന്നു.

വിശ്വസ്തതയോടെ,

Digitally signed by
Shinu K S
Date: 25-07-2026
16:47:07

**DR SHINU K S**

**ADDITIONAL DIRECTOR OF HEALTH SERVICES**

സ്വീകർത്താവ്

ശ്രീ. കണ്ണൻ എസ്, ഫാർമസിസ്റ്റ് ഗ്രേഡ് 1, ഗവ. മാനസികാരോഗ്യകേന്ദ്രം പേരൂർക്കട, തിരുവനന്തപുരം. (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)

പകർപ്പ്:

1. ജില്ലാ മെഡിക്കൽ ഓഫീസർ, തിരുവനന്തപുരം. (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
2. സൂപ്രണ്ട്, ഗവ. മാനസികാരോഗ്യകേന്ദ്രം പേരൂർക്കട, തിരുവനന്തപുരം. (ആരോഗ്യ വകുപ്പ് ഡയറക്ടറുടെ വെബ് സൈറ്റ് മുഖേന)
3. സൂപ്രണ്ട്, ഇ.ഇ സെക്ഷൻ
4. ഫയൽ / കരുതൽ ഫയൽ